# ആക്ഷൻ പ്ലാൻ 2015
## നവംബർ

നവംബർ മാസം മരിച്ചുപോയവരുടെ ആത്മാക്കളെ സ്മരിച്ചു പ്രാർത്ഥിക്കുന്നതിനുള്ള സമയമാണ്. താഴെ പറയുന്ന കാര്യങ്ങൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി കൂട്ടായ്മകളിൽ പങ്കുവച്ചു നമുക്കു പരിശീലിക്കാവുന്നതാണ്.

1. യൂണിറ്റ് മീറ്റിംഗിൽ മരിച്ച വിശ്വാസികൾക്കു വേണ്ടിയുള്ള പ്രാർത്ഥന ഉൾപ്പെടുത്തുക.
2. ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് കത്തോലിക്ക സഭയുടെ പ്രബോധനം യൂണിറ്റംഗങ്ങൾക്കു വിശദീകരിച്ചു നല്കുക.
3. ഒരു ദിവസം എല്ലാ യൂണിറ്റംഗങ്ങളും പള്ളിയിൽ വന്ന് ഒരുമിച്ചു സെമിത്തേരി സന്ദർശിച്ച് ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുക. കഴിയുമെങ്കിൽ യൂണിറ്റിൽ നിന്ന് മരിച്ചുപോയ എല്ലാവർക്കും വേണ്ടി പ്രത്യേക കുർബാന അർപ്പിക്കുന്നതു നന്നായിരിക്കും.
4. മരിച്ചുപോയ യൂണിറ്റംഗങ്ങളെയും, ഭാരവാഹികളെയും പ്രത്യേകം അനുസ്മരിക്കുക.
5. മരിച്ചുപോയവരുടെ ആത്മാക്കൾക്കു വേണ്ടി കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുക.
6. കത്തോലിക്ക സഭയിൽ, സെമിത്തേരിയുടെയും, ഇടവകാംഗങ്ങളെ ഒരേ സ്ഥലത്ത് അടക്കം ചെയ്യുന്നതിന്റെയും പ്രാധാന്യം അംഗങ്ങൾക്കു വിശദീകരിച്ചു കൊടുക്കുക.
7. ഹൈന്ദവ, ഇസ്ലാം മതങ്ങളിലെ മരണാനന്തരജീവിത ദർശനങ്ങൾ എന്തെന്ന് യൂണിറ്റിൽ ചർച്ച ചെയ്ത് മനസ്സിലാക്കുക. ആവശ്യമെങ്കിൽ ഈ മതങ്ങളിൽ വിശ്വസിക്കുന്നവരെ ഇതിലേക്കു ക്ഷണിക്കുക.
8. യൂണിറ്റംഗങ്ങൾ എല്ലാവരും ചേർന്ന് ഒരു ദിവസം സെമിത്തേരി വൃത്തിയാക്കുക.
9. പ്രത്യകമായി, ഗോമാംസ വർജ്ജനത്തെക്കുറിച്ച് ഇപ്പോൾ ഇൻഡ്യയിൽ നടക്കുന്ന വാഗ്വാദങ്ങളിൽ സഭാംഗങ്ങൾക്ക് കൃത്യമായ ദിശാബോധം ലഭ്യമാക്കുക.